**അദ്ധ്യായം - 3**

# സഭയും പഴയനിയമവും

ജെ. ജി. ടോൾ

വിവർത്തനം: ബൈജു. വി. ബാലൻ (09650383432)

സഭയ്ക്കും പഴയനിയമത്തിനും തമ്മിലുള്ള ബന്ധം സഭാസത്യങ്ങളോടുള്ള ബന്ധത്തിൽ വളരെ താൽപ്പര്യം ഉളവാക്കുന്നതും ദൈവവചന വ്യാഖ്യാതക്കൾക്കിടയിൽ അൽപമല്ലാത്ത അഭിപ്രായ വ്യത്യാസങ്ങൾ ഉളവാക്കിയിട്ടുള്ളതുമായ ഒരു വിഷയമാണ്.

പഴയനിയമ വിശുദ്ധന്മാരുൾപ്പെടെ എക്കാലത്തുമുള്ള വിശുദ്ധന്മാർ സഭയുടെ അംഗങ്ങളാണെന്ന ചിന്ത നൂറ്റാണ്ടുകളായി പൊതുവെ നിലനിന്നിരുന്നു എന്ന വസ്തുത, സഭയിൽ വർത്തമാന യുഗത്തിലെ വിശുദ്ധന്മാർ അഥവാ പെന്തക്കോസ്ത് മുതൽ ഉൽപ്രാപണം വരെ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ, മാത്രമേ ഉള്ളൂ എന്നു പഠിച്ചു വന്നവർക്ക് ആശ്ചര്യം ഉളവാക്കാം. നമുക്ക് ലഭിച്ച ഉപദേശ സത്യങ്ങൾ വാസ്തവമെന്ന് വെറുതെ അംഗീകരിക്കാതെ ഈ വിഷയത്തെ അൽപ്പം അടുത്ത് പരിശോധിക്കുന്നത് കർത്തൃജനത്തിന് പ്രയോജനം മാത്രമേ ചെയ്യുകയുള്ളൂ. നമുക്ക് "ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ" എന്ന യശയ്യാവിന്റെ വെല്ലുവിളിക്ക് ചെവി കൊടുത്ത് (യശയ്യ 8:20) "അത് അങ്ങനെ തന്നെയോ എന്ന് ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്ന" 'ഉത്തമന്മാരായ' ബരോവക്കാരുടെ മാതൃക അനുകരിക്കാം (അ.പ്ര. 17:11). ആദ്യം നമുക്ക് സഭയും പഴയനിയമവും തമ്മിൽ ബന്ധപ്പെട്ട ചില കാര്യങ്ങൾ ശ്രദ്ധിക്കാം. അവയിൽ ചിലത് താഴെ പറയുന്നതുപോലെ ക്രമപ്പെടുത്താം:

**1. സഭയെ സൂചിപ്പിക്കുന്ന പഴയനിയമ ദൃഷ്ടാന്തങ്ങൾ.**

ഇവയെ a) ദൃഷ്ടാന്തങ്ങളായ വ്യക്തികൾ
b) ദൃഷ്ടാന്തങ്ങളായ കൂട്ടങ്ങൾ
c) ദൃഷ്ടാന്തങ്ങളായ സ്ഥലങ്ങൾ
d) ദൃഷ്ടാന്തങ്ങളായ വസ്തുക്കൾ എന്നിങ്ങനെ തരം തിരിക്കാം.

**a) ദൃഷ്ടാന്തങ്ങളായ വ്യക്തികൾ**

ക്രിസ്തുവിന്റെ പഴയ നിയമ ദൃഷ്ടാന്തങ്ങളിൽ ഏറ്റവും പ്രസിദ്ധനാണ് യോസേഫ്. പിതാവിന് തന്നോടുള്ള വാത്സല്യം കാരണം അസൂയപ്പെട്ട സഹോദരന്മാരാൽ യോസേഫ് വെറുക്കപ്പെടുകയും, തിരസ്ക്കരിക്കപ്പെടുകയും, കുറ്റമില്ലാത്തവനായിരുന്നിട്ടു കൂടി അന്യജാതികൾക്ക് ഏൽപ്പിച്ച് കൊടുക്കപ്പെടുകയും ചെയ്തു. എന്നാൽ ഈ അനുഭവം ദൈവത്തിന്റെ സമയത്ത് മിസ്രയീമിൽ ഫറവോന് ശേഷം രണ്ടാമനായി തീരുവോളം യോസേഫിന്റെ ഔന്നത്യത്തിന് കാരണമായിത്തീർന്നു. അവസാനം താൻ ലോകരക്ഷിതാവായി അറിയപ്പെട്ടു. തന്നെയുമല്ല, പിന്നീട് തന്റെ സഹോദരന്മാരുടെ മാനസാന്തരം കാരണം താൻ അവരുടെയും രക്ഷിതാവായി തീർന്നു. ഇത് യഹൂദന്മാരാൽ തള്ളിക്കളയപ്പെട്ട് ക്രൂശിക്കപ്പെടുവാനായി അന്യജാതികളുടെ കൈയ്യിൽ ഏൽപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ വളരെ മനോഹരമായ ഒരു ചിത്രമാണ്. ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്ത് എഴുന്നേൽപ്പിക്കുകയും പ്രഭുവും രക്ഷിതാവുമായി മഹത്വപ്പെടുത്തുകയും ചെയ്തു. ഇസ്രായേൽ ജാതി, വരുവാനിരിക്കുന്ന ഒരുനാളിൽ, പാപത്തിൽ നിന്നും മാനസാന്തരപ്പെടുമ്പോൾ ദൈവത്തോട് നിരപ്പ് പ്രാപിക്കുകയും വിശേഷാധികാര സ്ഥാനത്തേക്ക് യഥാസ്ഥാനപ്പെടുകയും ചെയ്യും. എന്നാൽ യോസേഫിന്

ആസ്നത്ത് എന്ന ഒരു ജാതീയ മണവാട്ടി നൽകപ്പെടുകയുണ്ടായി. അവൾ, സഹോദര ന്മാരിൽ നിന്ന് അകന്നു കഴിഞ്ഞ നാളുകളിൽ, അവന് സാന്ത്വനമായിത്തീർന്ന പുത്രന്മാരെ പ്രസവിക്കുകയും ചെയ്തു. സഭ എന്ന മണവാട്ടിയെ ആർജ്ജിക്കുക മുഖാന്തിരം സ്വന്തമായവരാൽ ത്യജിക്കപ്പെട്ട ക്രിസ്തു ആശ്വസിക്കപ്പെടുന്നു. ഇപ്രകാരം യോസേഫ് ക്രിസ്തുവിന് നിഴലായിരിക്കുന്നതുപോലെ ആസ്നത്ത് സഭയ്ക്ക് ദൃഷ്ടാന്തമാകുന്നു.

എങ്കിലും സഭ പരിപൂർണ്ണമായും ഒരു ജാതീയ മണവാട്ടിയല്ല പകരം ഒരു സാർവ്വത്രിക മണവാട്ടിയാണ് എന്ന് എടുത്തു പറയേണ്ടതുണ്ട്. സുവിശേഷം വിശ്വസിക്കുന്നതു മുഖാന്തിരം യെഹുദനും ജാതികൾക്കും ഒരു പോലെ ക്രിസ്തുവിന്റെ മണവാട്ടിയുടെ ഭാഗമായിത്തീരുവാനുള്ള അവസരം ഉണ്ട്. എന്നാൽ കർത്താവിനെ തിരസ്കരിച്ച, ഭൂരിഭാഗവും ഇപ്പോഴും തിരസ്കരിക്കുന്ന, യഹൂദന്മാരോടുള്ള താരതമ്യത്തിൽ സഭയിൽ ഭൂരിഭാഗവും ജാതികളിൽ നിന്നുള്ളവർ ആകയാൽ ഒരു ജാതീയ സ്ത്രീ സഭയെ ചിത്രീകരിക്കുന്നതിന്റെ ഔചിത്യം നമുക്ക് കാണുവാൻ കഴിയും.

### b) ദൃഷ്ടാന്തങ്ങളായ കൂട്ടങ്ങൾ

ഇസ്രായേല്യരുടെ അനുഭവങ്ങൾ നമ്മുടെ അനുഭവങ്ങളെ മുൻകാണിക്കുന്ന ദൃഷ്ടാന്തങ്ങൾ ആണെന്ന് പുതിയനിയമം നമ്മെ പലപ്രാവശ്യം ഓർമ്മിപ്പിക്കുന്നു. മരുഭൂമിയിലൂടെ വാഗ്ദത്ത നാട്ടിലേക്ക് യാത്ര ചെയ്യുവാൻ രക്തത്താലും ശക്തിയാലും ദൈവത്താൽ വീണ്ടെടുക്കപ്പെട്ട ജനം എന്ന നിലയിൽ അവർ, വർത്തമാനകാലത്ത് ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് (1 പത്രോ. 1:18, 19) അന്യരും പരദേശികളു മായിത്തീർന്നവരെ പ്രതിനിധീകരിക്കുന്നു. (1 പത്രൊ. 2:11). അനുഗ്രഹങ്ങളിൽ മാത്രമല്ല, പരീക്ഷകളിലും വീഴ്ചകളിലും അവർ "നമുക്ക് ദൃഷ്ടാന്തമാണ്" എന്നും, അവരുടെ ചരിത്രം "ലോകാവസാനം വന്നെത്തിരിയിരിക്കുന്ന നമുക്ക് ബുദ്ധ്യുപദേശത്തിനായി എഴുതി"യിരിക്കുന്നുവെന്നും പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. (1 കൊരി. 10:6, 11).

ഇസ്രായേൽ ഒരു രാഷ്ട്രമെന്ന നിലയിൽ തങ്ങളുടെ പൗരോഹിത്യം നഷ്ടപ്പെടുത്തുകയും (പുറ. 19:5, 6) അത് ലേവ്യഗോത്രത്തിലെ അഹരോന്റെ കുടുംബത്തിന്മേൽ ഭരമേൽപ്പിക്കപ്പെടുകയും ചെയ്തു. പുതിയ നിമയത്തിൽ പൗരോഹിത്യത്തിന് അതിർവരമ്പുകൾ ഇല്ല. യഥാർത്ഥമായി വീണ്ടെക്കപ്പെട്ടവരെല്ലാം പുരോഹിതന്മാരാണ്. (വെളി. 1:5, 6). എന്നാൽ ദൈവസന്നിധിയിലേക്ക് നമുക്കുള്ള പ്രവേശന സ്വാതന്ത്ര്യത്തെ വിവരിക്കേണ്ടതിന് ദൃഷ്ടാന്തമായി എബ്രായ ലേഖന കർത്താവ് ലേവ്യ പുരോഹിതന്മാരുടെ അഭിഷേകത്തെ ഉപയോഗിക്കുന്നു.

എബ്രായർ 10:22, പുറപ്പാട് 29–ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ചടങ്ങുകളെ സൂചിപ്പിക്കുന്നു (4,21 വാക്യങ്ങൾ നോക്കുക). ഇതിൽ അവരുടെമേൽ ചെയ്യപ്പെട്ട ആദ്യത്തെയും അവസാനത്തെയും ക്രിയകളും വിപരീത ക്രമത്തിൽ ഉൾപ്പെടുന്നു. എന്തുകൊണ്ടെന്നാൽ പഴയനിയമം പുറമെയുള്ളതിന് പ്രാധാന്യം നൽകുമ്പോൾ പുതിയ നിയമം ആന്തരികമായതിന്, ഹൃദയത്തിന്, പ്രാധാന്യം നൽകുന്നു. ഇപ്രകാരം ലേവ്യ പൗരോഹിത്യം ദൈവത്തോടുള്ള ബന്ധത്തിനും, ശുശ്രൂഷകൾക്കും ഇപ്പോഴുള്ള ദൈവജനത്തിന് ദൃഷ്ടാന്തമാണ്. 1 പത്രൊ. 2:5, 9 നോക്കിയാലും.

### c) ദൃഷ്ടാന്തങ്ങളായ സ്ഥലങ്ങൾ

ദൃഷ്ടാന്തങ്ങളായ സ്ഥലങ്ങളോടുള്ള ബന്ധത്തിൽ ഒരു ഉദാഹരണമായി നമുക്ക് 1 കൊരി. 3:16, 17 ലെ പൗലോസിന്റെ വാക്കുകളെക്കുറിച്ച് ചിന്തിക്കാം. "കൊരിന്തിലെ ദൈവ സഭ"യെക്കുറിച്ച് (1:2) താൻ ഇപ്രകാരം പറയന്നു, "നിങ്ങൾ ദൈവത്തിന്റെ മന്ദിരം (തിരുനിവാസം) എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ

അറിയുന്നില്ലയോ''. തിമൊഥിയോസിന് എഴുതുമ്പോൾ താൻ പറയുന്നു, ''ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വരും എന്ന് ആശിക്കുന്നു, താമസിച്ചുപോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്നു നീ അറിയേണ്ടതിന് ഇത് എഴുതുന്നു''. (1 തിമൊ.3:14, 15). ഇപ്രകാരം, പഴയനിയമത്തിലെ ദൈവാലയം, തിരുനിവാസം, ''നാമത്തിന്റെ സ്ഥാനം'' തുടങ്ങിയവ പുതിയനിയത്തിലെ ക്രിസ്ത്യാനികളുടെ സഭയ്ക്ക് ഒരു ദൃഷ്ടാന്തമാണ്. അതുകൊണ്ടു തന്നെ ഇവയ്ക്ക് ചില അത്യാവശ്യ പ്രാവർത്തിക സത്യങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ കൂടിവരുന്ന നമ്മെ പഠിപ്പിക്കുവാനുണ്ട്.

### d) ദൃഷ്ടാന്തങ്ങളായ വസ്തുക്കൾ

ദൃഷ്ടാന്തങ്ങളായ വസ്തുക്കൾക്ക് ഉദാഹരണമായി ''പെന്തക്കോസ്ത് ദിനം'' എന്ന പേരിൽ അറിയപ്പെടുന്ന ദിവസം അർപ്പിക്കപ്പെട്ടിരുന്ന പുതിയ ധാന്യം കൊണ്ടുണ്ടാക്കിയ രണ്ടപ്പത്തിന്റെ ഭോജനയാഗത്തെ കാണാം. ഇസ്രായേൽ ജനം കൊണ്ടാടിയിരുന്ന യഹോവയുടെ ഉത്സവങ്ങൾ ദൈവത്തിന്റെ ഭാവി പരിപാടികളുടെ ഒരു ശ്രദ്ധേയമായ പ്രതിരൂപമാണ്. പെസഹയോടുകൂടിയാണ് ഈ ഉത്സവങ്ങളുടെ തുടക്കം. പെസഹ, കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തിന് നിഴലാണ്. കർത്താവായ യേശുക്രിസ്തുവിന്റെ മരണം ആ വർഷം അതേ (പെസഹ) ദിവസമാണ് നടന്നത്. ''ശബ്ബത്തിന് പിറ്റേന്നാൾ'' അർപ്പിക്കപ്പെട്ടിരുന്ന ആദ്യഫലത്തിന്റെ ഉത്സവം, ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം മരിച്ചവരുടെ ഇടയിൽ നിന്നും ആദ്യഫലമായി ഉയിർത്ത് എഴുന്നേറ്റ ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ കാണിക്കുന്നു. ഇതിന് 49 ദിവസത്തിനുശേഷം (പെന്തക്കോസ്ത് എന്ന വാക്കിന് അർത്ഥം 50–ാം ദിവസം എന്നാണ്) ഒരു പുതിയ ഭോജനയാഗം അർപ്പിക്കപ്പെടുമായിരുന്നു. ഈ ഭോജനയാഗം അപ്പോ. പ്രവർത്തി രണ്ടാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതിൻ പ്രകാരം പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവിന്റെ വരവോടെ ഉളവായ സഭയെ കാണിക്കുന്നു. ഈ യാഗത്തിൽ രണ്ടപ്പങ്ങൾ ഉൾപ്പെട്ടിരുന്നു എങ്കിലും യാഗം ഒന്നായിരുന്നു. ഇത് പുതിയ തുടക്കത്തിന്റെ അന്നാളിൽ ദൈവം ഇസ്രായേലിനെ കൂടാതെ മറ്റൊരു ജനത്തെ അനുഗ്രഹത്തിനും പ്രീതിക്കും പാത്രമാക്കും എന്ന് യഹൂദന്മാരെ പഠിപ്പിക്കേണ്ടുന്നതിനായി രൂപകൽപ്പന ചെയ്തതായിരുന്നു. ''ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്ക് ഉണ്ട്, അവയെയും ഞാൻ നടത്തേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻകൂട്ടവും (സഭ) ഒരിടയനും ആകും'' എന്ന് കർത്താവ് പറഞ്ഞതിൻ പ്രകാരം തന്നെ. (യോഹ. 10:16).

രണ്ടപ്പങ്ങളും പുളിപ്പിക്കപ്പെട്ടവ ആയിരുന്നതിനാൽ അവ ക്രിസ്തുവിനെ അല്ല കാണിക്കുന്നത്. അവ ക്രിസ്തുവിന്റെ മരണത്താൽ ദൈവത്തോട് നിരപ്പു പ്രാപിച്ച, ക്രിസ്തുവിന്റെ വലുതും ബഹുമുഖവുമായ ഹോമയാഗത്തിന്റെ ഗുണത്താൽ സ്വീകരിക്കപ്പെട്ട, രക്ഷിക്കപ്പെട്ട പാപികളെയാണ് കാണിക്കുന്നത്. ഈ ഉത്സവത്തിന്റെ എല്ലാ വശങ്ങളും ഇതിന്റെ അനുഗ്രഹങ്ങളും, വിശേഷ ഭാഗ്യങ്ങളും, സഭയോടുള്ള ബന്ധത്തിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്നവയാണ്. എന്നാൽ ഇത്രയും പറഞ്ഞ് തൽക്കാലത്തേക്ക് ഈ വിഷയം വിടുകയാണ്.

### 2. പഴയനിയമ പ്രവചനങ്ങൾ

പുതിയനിയമ ലേഖകർ സഭയ്ക്ക് ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് പറയുമ്പോൾ വീണ്ടും വീണ്ടും അവ പഴയനിയമ പ്രവചനങ്ങളോട് യോജിക്കുന്നതാണെന്ന് നമ്മെ കാണിക്കുന്നു. സഭ മുൻയുഗങ്ങളിൽ ദൈവത്തിൽ മറഞ്ഞു കിടന്ന മർമ്മം ആയിരുന്നതിനാൽ (ഈ വിഷയം വളരെയധികം പ്രാധാന്യം അർഹിക്കുന്നതാകയാൽ വളരെ വിശദമായി വിശകലനം ചെയ്യേണ്ടതാണ്) പഴയനിയമ പ്രവചനങ്ങൾ സഭയോടുള്ള

ബന്ധത്തിൽ നേരിട്ട് ബാധകമല്ല എങ്കിലും സഭയ്ക്ക് ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങളെ സമർത്ഥീകരിക്കേണ്ടതിനായി പൊതുവായ അർത്ഥത്തിൽ ഉദ്ധരിച്ചിരിക്കുകയാണ്. ജാതികൾ ദൈവീക നന്മകൾക്ക് പാത്രീഭവിക്കുന്നതാണ്, ഒരു പക്ഷെ ഈ ഉദ്ധരണികളിൽ ഏറ്റവും അധികം ഉന്നയിക്കപ്പെടുന്ന വിഷയം. അതുകൊണ്ടു തന്നെ ഭാവിയിൽ ദൈവരാജ്യ കാലയളവിൽ ജാതികൾക്ക് നൽകപ്പെടുന്ന അനുഗ്രഹങ്ങളെ കാണിക്കുന്ന പഴയനിയമ വാക്യങ്ങളാണ് ഉദ്ധരിച്ചിരിക്കുന്നത്. ദൈവം ജാതികളെ അനുഗ്രഹിക്കുമെന്ന് വാഗ്ദത്തം ചെയ്തിട്ടുള്ളതാകയാൽ യഹൂദന്മാരോടെന്നവണ്ണം ജാതികളോടും സുവിശേഷം പ്രസംഗിക്കുന്നത് പഴയനിയമ പ്രവാചകന്മാരുടെ പൊതു പഠിപ്പിക്കലുകൾക്ക് അനുസൃതമാണെന്ന് മാത്രമാണ് ലേഖകൻ (ഉദാ. റോമ. 15:9–12) അല്ലെങ്കിൽ പ്രഭാഷകൻ (ഉദാ. അപ്പൊ. പ്രവ.15:13–17) ചൂണ്ടിക്കാണിക്കുന്നത് (ഗലാ. 3:8–14).

**3. പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയിൽ പുതിയനിയമ വാക്കായ "എക്ലീസിയ"യുടെ ഉപയോഗം**

ഈ വിഷയം മുൻ അദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുള്ളതിനാൽ ഇപ്പോൾ അധികമായൊന്നും പറയേണ്ടതില്ല.

**4. ഒരു പുതിയനിയമ ഭാഗത്ത് പഴയനിയമ ഉദ്ധരണിയിൽ സഭ എന്ന വാക്ക് കാണപ്പെടുന്നു.**

എബ്രായർ 2:12 ൽ സങ്കീർത്തനം 22:22 ഉദ്ധരിച്ചിരിക്കുന്നു. "സഭാ മദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും." 22–ാം സങ്കീർത്തനം മസീഹ സങ്കീർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായതാണ്. ഇതിലെ ആദ്യവാക്കുകൾ ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റേതാണ്. 21–ാം വാക്യത്തിന്റെ മധ്യഭാഗത്ത് ഈ സങ്കീർത്തനത്തിന്റെ ഭാവം മാറുന്നു. 22–ാം വാക്യം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഉദ്ദേശത്തെയും പ്രവർത്തിയെയും വർണ്ണിക്കുന്നു. എല്ലാ പുതിയ നിയമസഭയിലും ജീവിക്കുന്ന കർത്താവിന്റെ സാന്നിദ്ധ്യത്തിൽ ഈ വാക്യം ഇന്ന് നിവർത്തിയാകുന്നു. വരുവാനിരിക്കുന്ന മഹത്വത്തിൻ ദിനത്തിൽ, മഹാസഭ (25–ാം വാക്യം) പൂർത്തിയാകുമ്പോൾ ഇത് ഭാവിയിലും നിവർത്തിയാകും.

**5. ഒരു പഴയനിയമ ജനസംഘത്തെ പുതിയനിയമത്തിൽ എക്ലീസിയ എന്നു വിളിച്ചിരിക്കുന്നു**

അപ്പൊ. പ്രവ. 7:38 നെക്കുറിച്ചാണ് പറയുന്നത്. ഈ വിഷയവും നാം മുമ്പ് കണ്ടതാണ്.

**6. പുതിയനിയമത്തിൽ സഭയെക്കുറിച്ച് പറയുവാൻ പഴയനിയമ ഭാഷ ഉപയോഗിച്ചിരിക്കുന്നു.**

1 പത്രൊസ് 2:9 പോലുള്ള ഭാഗങ്ങളിൽ പുറപ്പാട് 19:5, 6 പോലുള്ള പഴയനിയമ ഭാഷ ഉപയോഗിച്ചിരിക്കുന്നു എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. എങ്കിലും ചില ഭാഗങ്ങളിൽ വൈരുദ്ധ്യങ്ങൾ താരതമ്യങ്ങൾ പോലെ തന്നെ വ്യക്തമാണ്.

**7. പഴയ, പുതിയനിയമ കാലത്തെ ദൈവീക ഇടപാടുകളെ കാണിക്കുവാനായി റോമ. 11–ൽ ഒലിവ് മരത്തെ ഉപയോഗിച്ചിരിക്കുന്നു.**

ഈ വിഷയത്തെ ഇപ്പോൾ സ്പഷ്ടമായി പ്രതിപാദിക്കുവാൻ സാധ്യമല്ലാത്തതിനാൽ വായനക്കാരുടെ ക്ഷമ ആവശ്യപ്പെടുകയാണ്. ദൈവേഷ്ടമെങ്കിൽ തക്കസമയത്ത് ഈ വിഷയം വിചിന്തനം ചെയ്യുന്നതാണ്. ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അതിൽത്തന്നെ സമ്പൂർണ്ണമാണെന്ന് കരുതുന്നില്ല. പകരം അവ അധികം ചിന്തിക്കപ്പെട്ടിട്ടില്ലാത്ത ഒരു മേഖല വായനക്കാർക്ക്, അവരുടെ സ്വന്തപഠനത്തിനും ചിന്തയ്ക്കുമായി, കാട്ടിത്തന്നിരിക്കുന്നു എന്നേയുള്ളൂ. പക്ഷെ മേൽപറഞ്ഞിരിക്കുന്നവയിൽ ഏതെങ്കിലും

ഒന്നോ, അവ മുഴുവനുമോ, പഴയനിയമ വിശുദ്ധന്മാരും, പുതിയനിയമ വിശ്വാസികളും ഒരു കൂട്ടമാണെന്ന് സ്ഥാപിക്കേണ്ടതിനായി എടുക്കാമോ എന്നു കാണുവാൻ ഈ വിഷയം ഇതിലും വിശദമായി പരിഗണിക്കേണ്ടതുണ്ട്.

-----------